ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വേദങ്ങളെ അവഹേളിക്കുന്ന ലക്ചർ ക്ലാസ്സുകൾ

111 [3001] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ജോയി :
,, ബി. വിജയകുമാർ :
,, എം. എ ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വേദിക് സ്റ്റഡീസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ആഭിമുഖ്യത്തിൽ ഋഗ്വേദ പഠന ക്ലാസ്സ് നടത്തുന്നുണ്ടോ;

(സി) എങ്കിൽ ഈ ക്ലാസ്സ് എടുക്കുന്നവർ ആരെല്ലാമാണ്;

(ഡി) ഋഗ്വേദ കാലഘട്ടത്തിലെ സമൂഹം എന്ന വിഷയത്തെപ്പറ്റി സർവ്വകലാശാലയിലെ അദ്ധ്യാപകൻ ധർമ്മരാജ് അടാട്ട് എന്നയാൾ ലക്ചർ നടത്തിയിട്ടുണ്ടോ;

(ഇ) ഇത് ഋഗ്വേദത്തെയും ഹിന്ദുദേവന്മാരെയും അവഹേളിക്കുന്ന വിധത്തിലുള്ളതായിരുന്നെന്ന് ആക്ഷേപമുണ്ടായിട്ടുണ്ടോ;

(എഫ്) വേദങ്ങളെ അവഹേളിക്കുന്ന ഇത്തരം ലക്ചറുകൾ പ്രോത്സാഹിപ്പിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ ഓഫ് വേദിക് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ പതിനഞ്ച് ദിവസത്തെ ഹ്രസ്വകാല കോഴ്സുകൾ നടത്താറുണ്ട്.

(സി) വേദിക് പഠന കേന്ദ്രത്തിന്റെ സ്റ്റാഫ് കൗൺസിലാണ് അദ്ധ്യാപകരെ തെരഞ്ഞെടുക്കാറുള്ളത്.

(ഡി) ഉണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly